**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **06-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | FWL - C1/222/2019 - FWD ഫയലിൻമേൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് സർക്കാർ റിപ്പോർട്ട് ചോദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | പട്ടയഭൂമി ലെഫ്റ്റ് ഔട്ട് ഫോറസ്റ്റ് പ്രൊപ്പോസലിനെ സംബന്ധിച്ച് ബഹു. വനം വകുപ്പ് മന്ത്രി മുമ്പാകെ മുഹമ്മദ് s/o അഹമ്മദ്കുട്ടി, പാലക്കണ്ടിയിൽ, ആവിലോറ, താമരശ്ശേരി, കോഴിക്കോട് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 26.11.2019 ലെ FWLD-C1/222/2019-FWLD നമ്പർ കത്തിലൂടെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറെസ്റ് ഫോഴ്സ്സ നിർദേശം നൽകിയിരുന്നു. മേൽ റിപ്പോർട് ലഭ്യമായശേഷം പ്രസ്തുത വിഷയം FWLD-C1/222/2019-FWLD എന്ന ഫയലിൽ കൈകാര്യം ചെയ്ത അപേക്ഷകന് മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതാണ്. |
| (ബി) | സർക്കാർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | ഭൂമി സംബന്ധമായ വിഷയങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അപേക്ഷകന്റെ പരാതിയിൽ പരാമർശിച്ചിട്ടുള്ളത്. വെസ്റ്റഡ് ഫോറസ്റ്റ് നോട്ടിഫിക്കേഷൻ മുഖേന നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂമിയിന്മേലുള്ള തർക്കങ്ങളും കേസുകളും സംബന്ധിച്ച് ആയതിനാൽ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഭൂമിയുടെ രേഖകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉണ്ടായ സ്വാഭാവിക കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | പ്രസ്തുത ഫയലിൻമേൽ ഒരു പേഴ്സണൽ ഹിയറിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട മന്ത്രി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ ഹിയറിംഗ് നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | അപേക്ഷയിലെ സംഗതിക്ക് റിപ്പോർട്ട് വരുത്തി ബന്ധപ്പെട്ട കക്ഷിയെ കേട്ട് ആവശ്യമായ നടപടി സ്വീകരിക്കാൻ 19/11/2019 ൽ ബഹു. മന്ത്രി ഉത്തരവിട്ടിരുന്നു. എന്നാൽ തുടർന്ന് ഈ വിഷയത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) നൽകിയ റിപ്പോർട്ട് പരിശോധിച്ചപ്പോൾ അപേക്ഷകൻ അവകാശവാദമുന്നയിച്ച സ്ഥലങ്ങളിലൊന്നും അപേക്ഷകന് യാതൊരു അവകാശവും ഇല്ല എന്നു |

| | | | |
|---|---|---|---|
| | | | വ്യക്തമാക്കിയുന്നു. ആയതിനാൽ അപേക്ഷകന് മറുപടി നൽകി ഫയൽ തീർപ്പാക്കാൻ ബഹു. മന്ത്രി 09/08/2021 ൽ ഉത്തരവാകുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരന് മറുപടി നൽകി ഫയൽ തീർപ്പാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ